**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6092** **09-11-2021 - ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ടി. ജെ. വിനോദ്** | | **Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ച് ആശങ്കാജനകമായ ചർച്ചകൾ ഉയർന്നു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | കേരളം തയ്യാറാക്കിയിട്ടുള്ള റൂൾ കർവ് അനുസരിച്ച് ജലനിരപ്പ് ക്രമീകരിക്കാൻ സാധിക്കാത്തത് അണക്കെട്ടിന്റെ സുരക്ഷയെ ബാധിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | 1886 ഒക്ടോബർ 29-ന് അന്നത്തെ തിരുവിതാംകൂർ മഹാരാജാവും സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യ ഇൻ കൗൺസിലും തമ്മിൽ ഒപ്പ് വച്ച കരാറിന്റെ അടിസ്ഥാനത്തിൽ ഡാം സ്ഥിതി ചെയ്യുന്നത് കേരളത്തിലാണെങ്കിലും, കേരളം തമിഴ്നാടിന് ജലം നൽകണമെന്നും ഇതിന്റെ പരിപാലനത്തിന്റെ പൂർണ്ണ ചുമതല തമിഴ്നാടിനുമാണ്. അടുത്തകാലത്തുണ്ടായ അതിശക്തമായ മഴയെ തുടർന്ന് മുല്ലപ്പെരിയാറിന്റെ ജലനിരപ്പ് ഉയർന്നതിനാൽ ബഹു. സുപ്രീം കോടതി മേൽനോട്ട സമിതിയുടെ അടിയന്തര യോഗം ചേരുവാനും, ജലനിരപ്പ് ക്രമീകരിക്കുവാൻ വേണ്ട നടപടികൾ എടുക്കുവാനും മേൽനോട്ട സമിതിയെ ചുമതലപ്പെടുത്തി. കേന്ദ്രജല കമ്മീഷനുമായി കൂടി ആലോചിച്ച് തമിഴ്നാട് തയ്യാറാക്കിയ റൂൾ ലെവൽ പാലിച്ചു കൊണ്ട് മുല്ലപ്പെരിയാറിന്റെ ജലനിരപ്പ് ക്രമീകരിക്കാവുന്നതാണെന്ന് മേൽനോട്ട സമിതി അഭിപ്രായപ്പെടുകയും റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ ടി റിപ്പോർട്ടിന്മേലുള്ള കേരളത്തിന്റെ വിയോജിപ്പ് സ്റ്റാൻഡിംഗ് കൗൺസലിനെ അറിയിക്കുകയും ആയത് ബഹു.സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ തമിഴ്നാട് തയ്യാറാക്കിയ റൂൾ കർവ്വിനോടുള്ള കേരളത്തിന്റെ വിയോജിപ്പും കേന്ദ്ര ജലകമ്മീഷനെ അറിയിക്കുകയും ആയത് ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി വിഷയം 11/11/2021-ൽ ബഹു. സുപ്രീം കോടതി പരിഗണിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ